വനിത ശിശുവികസന വകുപ്പ്

## സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

### സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെംബർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ

**(ഹാജർ: ശ്രീമതി. അനുപമ T.V IAS, വനിതാ ശിശു വികസന ഡയറക്ടർ)**

വിഷയം:- വനിതാ ശിശു വികസന വകുപ്പ് - ICPS - എറണാകുളം ചിൽഡ്രൻസ് കോർട്ടിനെ Child Friendly ആക്കുന്നത് - ജനറേറ്റർ സ്ഥാപിക്കുന്നതിന് PWD യ്ക്ക് തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:-.1.എറണാകുളം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്ത് നം.ഡി.സി.പി.യു/ഇ/1721/2021 തീയതി:09.09.2021

2.സർക്കാർ ഉത്തരവ് നം.(GO)(Rt)No.669/2018/SJD തീയതി:18.11.2018

3. സർക്കാർ ഉത്തരവ് നം.(GO)(Rt)No.142/2021/SJD തീയതി:13.02.2021

***ഉത്തരവ് നമ്പർ- ICPS-4(B)/14524/18 തീയതി::28.10.2021***

കേന്ദ്ര വനിതാ വികസന മന്ത്രാലയവും വനിതാ ശിശു വികസന വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഇന്നോവേറ്റീവ് പ്രോഗ്രമിനായി അനുവദിച്ചിട്ടുള്ള തുക ഉപയോഗിച്ച് എറണാകുളം ചിൽഡ്രൻസ് കോർട്ടിനെ Child Friendly ആക്കുന്നതിൻറെ ഭാഗമായി 25KVA യുടെ ജനറേറ്റർ സ്ഥാപിക്കുന്നതിനായി എറണാകുളം PWD യിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ് അംഗീകാരത്തിനായി മേൽ സൂചന 1 പ്രകാരം എറണാകുളം ജില്ലാ ശിശു സംരക്ഷണ ഓഫീസർ ലഭ്യമാക്കിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ എറണാകുളം ചിൽഡ്രൻസ് കോർട്ടിനെ Child Friendly ആക്കുന്നതിൻറെ ഭാഗമായി 25KVA യുടെ ജനറേറ്റർ സ്ഥാപിക്കുന്നതിനായി എറണാകുളം PWD യിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ് അംഗീകരിക്കാവുന്നതും,ഇതിലെക്കാവശ്യമായ 7 ലക്ഷം രൂപ Child Friendly ആക്കുന്നതിന് സൂചന 2 പ്രകാരം ഭരണാനുമതി ലഭിച്ച 72 ലക്ഷം രൂപയിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ടി തുക 7,00,000/-രൂപ (ഏഴ ലക്ഷം രൂപ മാത്രം ) ICPS ന്റെ ശീർഷകമായ 2235-02-102-36-02 (P) നിന്നും എറണാകുളം വനിതാ ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതാണ്. വനിതാ ശിശു വികസന ഓഫീസർ തുക എറണാകുളം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ പേരിൽ അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ 7,00,000/-രൂപ PWD യുടെ ഇലെക്ട്രിക്കൽ ഡിവിഷൻന്റെ 8443-00-108-PW എന്ന ശീർഷകത്തിലെക്ക് (DDO Code 1301-59B-006) PWD ഇലെക്ട്രിക്കൽ ഡിവിഷൻ ,ചെമ്പകടവ് ,തൃശ്ശൂർ എന്ന ഓഫീസിലേക്ക് ചെല്ലാൻ മുഖാന്തിരം മാറി നൽകേണ്ടതുമാണ്. ജനറേറ്റർ അടിയന്തിരമായി സ്ഥാപിക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിക്കേണ്ടതും പണി പൂർത്തിയായതിനു ശേഷം റിപ്പോർട്ട് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)

വനിതാ ശിശു വികസന **ഡയറക്ടർ** &
മെമ്പർ സെക്രട്ടറി SCPS

ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക്
ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക്
ഇലെക്ട്രിക്കൽ ഡിവിഷൻ ,PWD

<u>പകർപ്പ്:</u>

1.സൂപ്രണ്ട് A സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)

2.ICPS-4

3.സ്റ്റോക്ക് ഫയൽ

4.വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്